**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2377** **12-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ വിവിധ നിർമ്മാണപ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഗവഃ നഴ്സിംഗ് കോളേജ് പി.ജി.ബ്ലോക്ക് നിർമ്മാണത്തിന് (ഫേസ് I) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ, ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്നിവ വ്യക്തമാക്കാമോ; | (എ) | **കോഴിക്കോട് ഗവ. നഴ്സിംഗ് കോളേജിൽ പി.ജി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 7.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആ സാമ്പത്തിക വർഷം അനുവദിച്ച 150 ലക്ഷം രൂപ പി.ഡബ്ല്യു.ഡി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഭരണാനുമതി പുതുക്കി നൽകുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് PWD മെഡിക്കൽ കോളേജ് വിഭാഗത്തിനോടും എക്സിക്യൂട്ടീവ് എൻജിനീയർ PWD ബിൽഡിംഗ് ഡിവിഷനോടും കോഴിക്കോട് നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ തലത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.** |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജ് ഹൗസ് സർജൻമാരുടെ ഹോസ്റ്റൽ നിർമ്മാണത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ഹൗസ് സർജൻമാരുടെ ഹോസ്റ്റൽ നിർമ്മാണപ്രവർത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. |
| (സി) | കോഴിക്കോട് മെഡിക്കൽ കോളേജ് ഓങ്കോളജി&ടെറിട്ടറി കാൻസർ സെന്ററിനു കെട്ടിട നിർമ്മാണത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ; പ്രവൃത്തിക്ക് ഡിസൈൻ തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ടോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ടെർഷ്യറി കാൻസർ കെയർ സെന്റർ സ്ഥാപിക്കാനായി G.O(Rt)No. 749/15/H&FWD തീയതി 02/03/2015 ഉത്തരവ് പ്രകാരം 44.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 31.15 കോടി രൂപ ഉപകരണങ്ങൾക്കും 13.35 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുമാണ് വകയിരുത്തിയിരുന്നത്. ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും 2018 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ഓങ്കോളജി & ടെർഷ്യറി കാൻസർ കെയർ സെന്റർ കെട്ടിട വിപുലീകരണ പ്രവർത്തനങ്ങൾക്കായി G.O(Rt)No. 1723/2021/H&FWD തീയതി 11/08/2021 ഉത്തരവ് പ്രകാരം 4 കോടി രൂപയും G.O(Rt)No. 175/2022/H&FWD തീയതി, 21/01/2022 ഉത്തരവ് പ്രകാരം 1 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. HLL Infratech Services Ltd എന്ന ഏജൻസി പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ട്. പ്രവർത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ